# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1480

22/03/2013 - ലെ മറുപടിയ്ക്ക്

## വരൾച്ചാ കെടുതി നേരിടാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ.സി. കൃഷ്ണൻ<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.. |
| (ബി) ഏതെല്ലാം വിളകളെയാണ് വരൾച്ച ഏറ്റവും അധികം ബാധിച്ചിട്ടുള്ളത്; | (ബി) കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, പച്ചക്കറികൾ, റബർ, ജാതി, ഏലം, കരിമ്പ്, കാപ്പി, നിലക്കടല എന്നിവയെയാണ് വരൾച്ച ഏറ്റവും അധികം ബാധിച്ചത്. |
| (സി) വരൾച്ചാക്കെടുതി അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികൾ ഏതെല്ലാം മേഖലയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ; | (സി) ഉണ്ട്. വരൾച്ചക്കെടുതി അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് ധന സഹായം നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. 2012-2013 ഖാരിഫ് സീസണിലെ വരൾച്ചയുടെ വിശദവിവരങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. റാബി സീസണിലെ വരൾച്ച സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തുവാൻ കേന്ദ്ര സംഘം വീണ്ടും തിരഞ്ഞെടുത്ത ജില്ലകളിൽ പര്യടനം നടത്തി വരുന്നു. |
| (ഡി) സംസ്ഥാനം നേരിടുന്ന വരൾച്ചയും അത് കാർഷിക മേഖലയിൽ വരുത്തിയ കെടുതികളെയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; | (ഡി) ഉണ്ട്. |

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ?

(ഇ) വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് വേണ്ടി 1995 കോടി രൂപയും സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.097 കോടി രൂപയും കൃഷി ഉൾപ്പെടെ വിവിധ മേഖലകൾക്കായി അധിക സാമ്പത്തിക സഹായമായി ലഭിക്കാൻ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്പെഷ്യൽ പാക്കേജായി 3936.81 കോടി രൂപയുടെ സഹായവും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണന യിലാണ്. മാർച്ച് 18-20 വരെ കേന്ദ്ര സർക്കാർ നിയോഗിച്ച കേന്ദ്ര സംഘം ജില്ലകളിൽ പരിശോധന നടത്തിയിട്ടുണ്ട്. 21-ാം തീയതി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കേന്ദ്ര സംഘവുമായി ചർച്ച നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ബാധിച്ച പ്രദേശം (ഹെക്ടറിൽ) | കർഷകർ | ഏകദേശ നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29,935 | 26,644 | 903.89 |
| കൊല്ലം | 11,925.11 | 7,312 | 42.56 |
| ആലപ്പുഴ | 34,266 | 7,550 | 307.16 |
| പത്തനംതിട്ട | 27,422 | 3,252 | 506.73 |
| കോട്ടയം | 5,267 | 752 | 75.07 |
| ഇടുക്കി | 15,079 | 3,565 | 227.58 |
| എറണാകുളം | 50 | 127 | 1.21 |
| തൃശ്ശൂർ | 23,040 | 1,250 | 391.19 |
| പാലക്കാട് | 67,779.92 | 24,973 | 1122.18 |
| മലപ്പുറം | 22,127 | 864 | 396.18 |
| കോഴിക്കോട് | 3,500 | 436 | 61.18 |
| വയനാട് | 63,929 | 38,125 | 1766.02 |
| കണ്ണൂർ | 427.5 | 153 | 1.71 |
| കാസർഗോഡ് | 1,020 | 728 | 8.02 |
| ആകെ | 3,05,787.3 | 1,15,731 | 5810.68 |

സെക്ഷൻ ഓഫീസർ